7414
25/6/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-പരാലിസിസ് ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ടിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി) നം.386/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 19.6.2015

പരാമർശം-
1. 24.9.2014 ലെ സ.ഉ(ആർ.റ്റി) നം.596/14/സാ.നീ.വ നമ്പർ ഉത്തരവ്
2. 21.4.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H1/26353/14 നമ്പർ കത്ത്
3. 16.5.2015 ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ മിനിട്ട്സ്

## ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം പരാലിസിസ് രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന് Pallium India സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിരുന്നു. 2014-15 മുതൽ 2016-17 വരെയുള്ള 3 വർഷങ്ങളിലായി നടപ്പിലാക്കേണ്ട പ്രോജക്ടിനായി 2014-15 ൽ 54,61,731/- രൂപയും 2015-16 ൽ 55,96,480/- രൂപയും 2016-17 ൽ 61,57,128/- രൂപയും Pallium India യ്ക്ക് അനുവദിക്കുന്നതിന് ടി ഉത്തരവിൽ വ്യവസ്ഥയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിലേയ്ക്കുള്ള തുകയായ 54,61,731/- രൂപയുടെ 80% Pallium India യ്ക്ക് അനുവദിക്കുകയും ബാക്കി 20% Utilization Certificate ഉം പ്രവർത്തന റിപ്പോർട്ടും ലഭ്യമായാലുടൻ അനുവദിക്കുകയും ചെയ്യുന്നതാണെന്നും നടപ്പു സാമ്പത്തിക വർഷം (2015-16) അനുവദിച്ചിട്ടുള്ള 55,96,480/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകി

ഈ സാഹചര്യത്തിൽ പരാലിസിസ് രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി Pallium India സമർപ്പിച്ച പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിലേയ്ക്കായി(2015-16) 55,96,480/- രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലെ 2235-60-200-83 ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ